# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം6/687/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം6/687/2022 തീയ്യതി: 30/05/2022

## മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-03-2020 മുതൽ 23-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-02-2022 | 14-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-02-2022 | 14-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. അബ്ദുൽ ജലീൽ. ടി.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. ശ്രീ. മുഹമ്മദ് സലീം.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ. റഷീദ്.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി. സുജാത. എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോസഫ് ജോൺ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.വിദ്യ രാജൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.രാഘവൻ.പി.പി | സെക്രട്ടറി | 01-04-2020 | 06-07-2020 |
| ശ്രീ.ജേക്കബ് ജോൺ | സെക്രട്ടറി | 07-07-2020 | 14-07-2020 |
| ശ്രീമതി.രേഖ.കെ | സെക്രട്ടറി | 15-07-2020 | 26-10-2020 |
| ശ്രീ.രാരാരാജ്.ആർ | സെക്രട്ടറി | 27-10-2020 | 24-12-2020 |
| ശ്രീ.ജേക്കബ് ജോൺ | സെക്രട്ടറി | 25-12-2020 | 17-01-2021 |
| ശ്രീ.രാരാരാജ്.ആർ | സെക്രട്ടറി | 18-01-2021 | 16-02-2021 |
| ശ്രീ.ജേക്കബ് ജോൺ | സെക്രട്ടറി | 17-02-2021 | 18-02-2021 |
| ശ്രീ.ഡി. നൗഷാദലി | സെക്രട്ടറി | 19-02-2021 | 01-03-2021 |
| ശ്രീ.ജേക്കബ് ജോൺ | സെക്രട്ടറി | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രജനി.എം.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഡോൾസി ഡൊമനിക് | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി.സുലൈഖ.പി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.മധുസൂദനൻ നായർ | അസി. എഞ്ചിനീയർ | 01-04-2020 | 17-07-2020 |
| ശ്രീ.റാസിഫ് എം | അസി. എഞ്ചിനീയർ | 18-07-2020 | 18-10-2020 |
| ശ്രീ.വിബിൻ.എസ് | അസി. എഞ്ചിനീയർ | 19-10-2020 | 31-03-2021 |
| ഡോ..മനോജ്.എം വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.ജേക്കബ് ജോൺ | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്യാമള ദേവി.കെ | വി ഇ ഒ | 01-04-2020 | 01-02-2021 |
| ശ്രീമതി.നിഷ.കെ.വി | വി ഇ ഒ | 02-02-2021 | 31-03-2021 |
| ഡോ.ദിവ്യ ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2020 | 04-10-2020 |

| | | | |
|---|---|---|---|
| ഡോ.ഫർസാന.വി.കെ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 05-10-2020 | 03-11-2020 |
| ഡോ.ദിവ്യ ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 04-11-2020 | 31-03-2021 |
| ഡോ.അമ്പിളി പ്രഭാകർ | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2020 | 09-07-2020 |
| ഡോ.ജോമോൻ ജോസഫ് ഡാനിയൽ | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 10-07-2020 | 24-01-2021 |
| ഡോ.ബിബിൻ.എം.വി | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 25-01-2021 | 31-03-2021 |
| ഡോ.ആസ്യ സുഹാന | മെഡിക്കൽ ഓഫീസർ ( PHC) | 01-04-2020 | 26-01-2021 |
| ഡോ.നാസർ | മെഡിക്കൽ ഓഫീസർ ( PHC) | 27-01-2021 | 04-02-2021 |
| ഡോ.ജുമാൻ | മെഡിക്കൽ ഓഫീസർ ( PHC) | 05-02-2021 | 31-03-2021 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ.<br>Written By: Sujatha M (Auditor, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-11 |
| 12 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകിയത് ഗ്രാമപഞ്ചായത്തിൽ അടവാക്കി.<br>Written By: Rasheed V (Senior Grade Auditor, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-12 |
| 13 | ലൈഫ് മിഷൻ ഭവനപദ്ധതി - അധിക തുക അനുവദിച്ചു.<br>Written By: Rasheed V (Senior Grade Auditor, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-13 |
| 14 | വീട് വാസയോഗ്യമാക്കൽ പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-14 |
| 15 | ലൈഫ് ഭവന നിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-15 |
| 16 | അനുപൂരക പോഷകാഹാരം - ജി.എസ്.ടി TDS ഈടാക്കിയില്ല.<br>Written By: Rasheed V (Senior Grade Auditor, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-16 |

| | | |
|---|---|---|
| 17 | രശീതികളുടെ ഉപയോഗം - അപാകതകൾ<br>Written By: Sujatha M (Auditor, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-17 |
| 18 | തൊഴിൽ നികുതി- അപാകതകൾ<br>Written By: Sujatha M (Auditor, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-18 |
| 19 | അഡ്വാൻസ് സമയക്രമം പാലിച്ച് ക്രമീകരിക്കുന്നില്ല<br>Written By: Muhammed Saleem T (Asst. Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-19 |
| 20 | അഡ്വാൻസ് ശരിയായി അക്കൗണ്ട് ചെയ്തില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-20 |
| 21 | വർഷങ്ങളോളമായി ക്രമീകരിക്കാത്ത അഡ്വാൻസ്<br>Written By: Muhammed Saleem T (Asst. Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-21 |
| 22 | അഗതി രഹിത കേരളം പദ്ധതി - കുടുംബശ്രീ വഴിയല്ലാതെ പണം ചെലവഴിച്ചു.<br>Written By: Muhammed Saleem T (Asst. Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-22 |
| 23 | അഗതിരഹിത കേരളം പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-23 |
| 24 | ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിലെ അപാകതകൾ<br>Written By: Sujatha M (Auditor, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-24 |
| 25 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമാക്കേണ്ടതാണ്.<br>Written By: T.P.Abdul Jaleel (Audit Officer, On 16-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-25 |
| 26 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-26 |
| 27 | ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ചു നൽകിയത് ക്രമ വിരുദ്ധം.<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-27 |
| 28 | ഒരു പദ്ധതി പ്രകാരം രണ്ട് പ്രവൃത്തികൾ നടപ്പിലാക്കിയത്; വിശദീകരണം ലഭ്യമാക്കേണ്ടതാണ്<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-28 |
| 29 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 16-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 16-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 3-1 |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 12-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1/ 16.03.2020 | 1/ 15.02.2021 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 27.07.2021 | - | - |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 25757484 |
| വരവ് | 100791129 |
| ആകെ | 126548613 |
| ചെലവ് | 100861434 |
| നീക്കിയിരിപ്പ് | 25687179 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 29752385 | 29752385 | 29752385 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2505000 | 2505000 | 1274236 | 1230764 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2871373 | 2871373 | 1728789 | 1142584 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7306000 | 7306000 | 7291716 | 14284 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7055905 | 7055905 | 7055905 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 9060000 | 9060000 | 4606086 | 4453914 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied | 0 | 16966774 | 16966774 | 14019261 | 2947513 |
| ബി ഫണ്ട് | 0 | 58955400 | 58955400 | 58955400 | 0 |

### 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 225 | 95111366 | 179 | 72921316 | 0 | 46 | 79.55% |

### 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 318049 | 1328896 | 1646945 | 1322230 | 324715 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 61128000 | 61128000 | 61128000 | 0 |

## 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5405300 | 352 |
| വിധവാപെൻഷൻ | 21053800 | 1373 |
| വാർദ്ധക്യകാലപെൻഷൻ | 26355400 | 1807 |
| വികലാംഗപെൻഷൻ | 5734300 | 371 |
| വിവാഹധനസഹായം | 120000 | 4 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ | 286600 | 19 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.03.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32299/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റ് രജിസ്റ്റർ സബ്സിഡയറി രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പി.എച്.സി മെഡിക്കൽ ഓഫീസർ, വിഇഒ അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഇത് പാലിക്കുന്നില്ല.
4. ജി ഒ (എം എസ് ) നം. 11/2018/ത.സ്വ.ഭ.വ തി. 29.01.2018 പ്രകാരം ഓരോ പ്രോജക്റ്റുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്. വിഇഒ, ഹെഡ് മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ പ്രോജക്റ്റ് ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ടില്ല.
5. സാംഖ്യ ബാങ്ക് ബുക്കുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.01.2022 | 01.12.2021 മുതൽ 31.12.2021 വരെ | 19.01.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.08.2010 മുതൽ 30.08.2010 വരെ | 2005-06 മുതൽ 2009-10 വരെ | 04.10.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ.

2020-21 വർഷത്തെ വാർഷിക കണക്കുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(4) പ്രകാരം ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. (ഉദാ.Schedule RP-40(b) Bank തുകകൾ)

2). വാർഷിക കണക്കിൽ പ്രസിഡന്റ് ഒപ്പ് വച്ച് ആധികാരികമാക്കിയിട്ടില്ല. (ചട്ടം 62(5))

3). ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തി പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. (ചട്ടം 57).

4). ചട്ടം 62(2)(ഇ) പ്രകാരമുള്ള അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62(2)(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5). ചട്ടം 62(3) പ്രകാരം, എല്ലാ വർഷങ്ങളിലും സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. ആയത് ഉൾപ്പെടുത്തിയിട്ടില്ല.

6). ബാങ്ക് ബുക്ക് ഓരോ ദിനാന്ത്യത്തിലും ക്ലോസ് ചെയ്യേണ്ടതും പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതുമാണെങ്കിലും ആയത് സൂക്ഷിച്ചിട്ടില്ല (ചട്ടം 6(4) ).

7).ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8).താഴെപ്പറയുന്ന അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുക B-4 ഷെഡ്യൂളിലും RP-40(b) ഷെഡ്യൂളിലും വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| അക്കൗണ്ട് | B-4 Schedule | RP-40(b) Schedule |
|---|---|---|
| SMGB 13492 NREGS | 323715 | 324715 |
| KGB ICDS 5506 | 1599200 | 1599150 |

9).വാർഷിക കണക്ക് പ്രകാരം Licence Fee For Live Stock Farm എന്ന ശീർഷകത്തിൽ ഡിമാന്റ് ഇല്ല. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 1700/- രൂപ ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

10). പിരിഞ്ഞ് കിട്ടാനുള്ളവയിൽ, സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

11).ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ തുക നീക്കിയിരിപ്പുണ്ട്.

| Code No | Particulars | Amount |
|---|---|---|
| 320200309 | Literacy Scheme Grant | 4815 |
| 320700104 | Contributions For Joint Venture Projects (For Capital Expenditure) – From Block Panchayats | 17,419 |
| 320700405 | Contributions For Other Specific Purposes (For Revenue Expenditure) – From District Panchayats | 11250 |
| 320900399 | Other Awards And Honours | 174000 |

ACR ൽ ഈ തുകകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ - 17/20-21/14-03-2022 മറുപടി ലഭ്യമാക്കിയില്ല.)

## 1-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകിയത് ഗ്രാമപഞ്ചായത്തിൽ അടവാക്കി.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 57/21 |
| അടങ്കൽ തുക | 3,00,000/- രൂപ. |

| | |
|---|---|
| വിനിയോഗിച്ച തുക (വികസന ഫണ്ട് - എസ്.സി.പി) | 1,50,000/- രൂപ. |
| ബിൽ നമ്പർ / തിയ്യതി | 20151952035400679452 തിയ്യതി. 02.11.2020 - 1,30,000/- രൂപ. |
| | 20151952035401052363 തിയ്യതി. 08.02.2021 - 20,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |

പട്ടികജാതി പ്രൊഫഷണൽ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 1,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട് . ബിൽ നമ്പർ. 20151952035400679452 തിയ്യതി. 02.11.2020 പ്രകാരം 20,000/- രൂപ സ്കോളർഷിപ്പ് അനുവദിക്കപ്പെട്ട കുമാരി.അശ്വതി.പി, പുത്തൻപറമ്പിൽ ഹൗസ്, മുണ്ടേരി എന്നവർ തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിലെ രണ്ടാം വർഷ ഓഫ്ത്താൽമിക് ഡിപ്ലോമ വിദ്യാർത്ഥിനിയാണ്. 2020-21 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി. 14.02.2018) ഖണ്ഡിക 7.2.5 പ്രകാരം പ്രത്യേകം പരാമർശിച്ചിട്ടില്ലാത്ത സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്കെല്ലാം 15,000/- രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കാവുന്നത്. ഓഫ്ത്താൽമിക് ഡിപ്ലോമ എന്ന ദ്വിവത്സര കോഴ്സിന് പഠിക്കുന്ന ഈ വിദ്യാർത്ഥിനിക്ക് 5,000/- രൂപ അധികം അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ : 01(2020-21)/02.03.2022) നൽകിയതിനെ തുടർന്ന് അധികം നൽകിയ തുകയായ 5,000/- രൂപ ഹെഡ്മിസ്ട്രസ് 09.03.2022 ന് രശീതി നമ്പർ.121170106118 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച ഈ തുക ട്രഷറിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 ലൈഫ് മിഷൻ ഭവനപദ്ധതി - അധിക തുക അനുവദിച്ചു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 23/21 |
| പ്രൊജക്ടിന്റെ പേര് | ലൈഫ് മിഷൻ ഭവനപദ്ധതി (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ തുക | 46,04,200/- രൂപ (വികസന ഫണ്ട് - ജനറൽ)<br>20,00,000/- രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവഴിച്ച തുക | 46,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)<br>20,00,000/- രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട്) |

ലൈഫ് മിഷൻ ഭവനപദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന ധനസഹായം 4,00,000/- രൂപയാണ്. എന്നാൽ ശ്രീമതി.റുബീന, W/o.അബ്ദുൾ ഗഫൂർ, കാരാടൻ ഹൗസ്, കുനിപ്പാല എന്ന ഗുണഭോക്താവിന് 4,20,000/- രൂപയും ശ്രീമതി.മറിയുമ്മ, D/o.മുഹമ്മദ്, പട്ടപ്പുങ്ങൽ ഹൗസ്, കോടാലിപൊയിൽ എന്ന ഗുണഭോക്താവിന് 4,60,000/- രൂപയും അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

<u>1). ശ്രീമതി.റുബീന, W/o.അബ്ദുൾ ഗഫൂർ, കാരാടൻ ഹൗസ്.</u>

| ക്രമ നമ്പർ | ബിൽ നമ്പർ / തീയതി | ബിൽ തുക | ഗുണഭോക്താവിന് അനുവദിച്ച തുക |
|---|---|---|---|
| 1 | 19151952036201266395/13.02.2020 | 6,40,000/- | 40,000/- |
| 2 | 19151952036201594887/24.03.2020 | 4,80,000/- | 1,60,000/- |
| 3 | 20151952036200237759/08.06.2020 | 10,00,000/- | 1,00,000/- |
| 4 | 20151952036200285130/24.06.2020 | 3,60,000/- | 60,000/- |
| 5 | 20151952036200353621/16.07.2020 | 4,20,000/- | 60,000/- |
| ആകെ | | | 4,20,000/- |

<u>2). ശ്രീമതി.മറിയുമ്മ, D/o.മുഹമ്മദ്, പട്ടപ്പുങ്ങൽ ഹൗസ്.</u>

| ക്രമ നമ്പർ | ചെക്ക്/ബിൽ നമ്പർ & തീയതി | ചെക്ക്/ബിൽ തുക | ഗുണഭോക്താവിന് അനുവദിച്ച തുക. |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 19151952036201266395/13.02.2020 | 6,40,000/- | 40,000/- |
| 2 | 19151952036201594887/24.03.2020 | 4,80,000/- | 1,60,000/- |
| 3 | 20151952036200575007/30.09.2020 | 8,00,000/- | 1,00,000/- |
| 4 | Ch.No.098280/14.01.2021 | 12,80,000/- | 60,000/- |
| 5 | Ch.No.098281/20.02.2021 | 7,00,000/- | 60,000/- |
| 6 | 20151952036201193157/05.03.2021 | 3,40,000/- | 40,000/- |
| ആകെ | | | 4,60,000/- |

അധികമായി അനുവദിച്ച 80,000/- രൂപ (20000+60000) തിരികെ ഈടാക്കി അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 08(2020-21)/09.03.2022) ക്രമ നമ്പർ 1 പ്രകാരം അധികം അനുവദിച്ച 20,000/- രൂപ പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റൊരു ഗുണഭോക്താവായ ശ്രീമതി. മോളി പതാലിൽ എന്നവർക്ക് കൈമാറി തുക കൈപ്പറ്റിയതിന്റെ രശീതി വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്നും ക്രമ നമ്പർ 2 പ്രകാരം അധികം അനുവദിച്ച 60,000/- രൂപ 14.03.2022 തീയതിയിൽ രശീതി നമ്പർ 121170106217 പ്രകാരം അടവാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. അധികം അനുവദിച്ച 20,000/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കാതെ നേരിട്ട് ഗുണഭോക്താവിന് നൽകിയത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും ധനവിനിയോഗത്തിൽ സൂക്ഷ്മത പുലർത്തേണ്ടതുമാണ്.

## 1-14 വീട് വാസയോഗ്യമാക്കൽ പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 28/21 |
| പ്രൊജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ തുക | 8,50,000/- രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവഴിച്ച തുക | 8,50,000/- രൂപ. |

2020-21 സാമ്പത്തിക വർഷത്തിൽ വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 50,000/- രൂപ നിരക്കിൽ ആകെ 8,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 17 ഗുണഭോക്താക്കളിൽ ശ്രീമതി.ആയിഷ, മേലകത്ത് ഹൗസ്, അമ്പിട്ടാംപൊട്ടി എന്നവർക്ക് ബിൽ നമ്പർ. 20151952036200943314 തീയതി. 14.01.2021 പ്രകാരം 50,000/- രൂപയും ബിൽ നമ്പർ. 20151952036201156146 തീയതി. 25.02.2021 പ്രകാരം 50,000/- രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി.ആസ്യ, പൂക്കുന്നൻ ഹൗസ്, മുണ്ടേരി.പി.ഒ, ഏട്ടപ്പാറ എന്ന ഗുണഭോക്താവ് നിർമ്മാണം പൂർത്തീകരിച്ച് 80,000/- രൂപയുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും തുക അനുവദിച്ചതായും കാണുന്നില്ല. ശ്രീമതി.ആയിഷ, മേലകത്ത് ഹൗസ് എന്നവർക്ക് അധികമായി അനുവദിച്ച 50,000/- രൂപ (20000+60000) തിരികെ ഈടാക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 09(2020-21)/09.03.2022), അപാകത ഉടൻ ശ്രദ്ധയിൽ പെടുകയും അധികം തുക നൽകിയ 50,000/- രൂപ ശ്രീമതി.ആസ്യ, പൂക്കുന്നൻ എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് മാറ്റാൻ കേരള ഗ്രാമീണ ബാങ്ക് മാനേജർക്ക് കത്ത് നൽകുകയും ആയത് പ്രകാരം അപാകത പരിഹരിച്ചിട്ടുണ്ടെന്നും അറിയിച്ചു. അധികം നൽകിയ തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയതിന് ശേഷം നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് മറ്റൊരു ഗുണഭോക്താവിന് നൽകേണ്ടതിന് പകരം നേരിട്ട് ട്രാൻസ്ഫർ ചെയ്ത നടപടി ക്രമപ്രകാരമല്ല. ധനവിനിയോഗത്തിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

## 1-15 ലൈഫ് ഭവന നിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ശ്രീമതി.ദീപ, W/o. അനിൽകുമാർ, പാലശ്ശേരിമഠത്തിൽ ഹൗസ്, അമ്പിട്ടാൻപൊട്ടി, ഭൂദാൻകോളനി.പി.ഒ എന്ന ഗുണഭോക്താവിന് 2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്.

| അനുവദിച്ച തുക | ബിൽ നമ്പർ / തീയതി |
|---|---|
| 40,000/- | 18151952036200189190/05.06.2020 |

ഓഡിറ്റ് തീയതി വരെ ഭവന നിർമ്മാണം ആരംഭിക്കുകയോ മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 18(2020-21)/14.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ താൽപ്പര്യപ്പെടുന്നില്ലെങ്കിൽ മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-16 അനുപൂരക പോഷകാഹാരം - ജി.എസ്.ടി TDS ഈടാക്കിയില്ല.

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര വിതരണത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ പാലാഴി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കുളം, കൈരളി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കുളം എന്നീ സ്ഥാപനങ്ങൾക്ക് ജി.എസ്.ടി ഉൾപ്പെടെയുള്ള തുക നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ബിൽ നമ്പർ/തിയ്യതി | ഇൻവോയിസ് നമ്പർ / തിയ്യതി | തുക |
|---|---|---|---|---|
| 1 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം (ജനറൽ) [18/21] | 20151952035500259066/ തി. 15.06.2020 | 01/01.04.2020 (പാലാഴി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കുളം) | 140008 |
| | | | 04/05.05.2020 (പാലാഴി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കുളം) | 178340 |
| | | | 05/01.06.2020 (പാലാഴി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കുളം) | 174491 |
| | | 20151952035500482101/ തി. 27.08.2020 | 09/01.07.2020 (പാലാഴി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കുളം) | 166704 |
| | | | 10/03.08.2020 (പാലാഴി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കുളം) | 167518 |
| | | ചെക്ക് നമ്പർ.034636 തീ.12.10.2020 | 13/04.09.2020 (പാലാഴി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കുളം) | 179065 |
| | | | 14/01.10.2020 (പാലാഴി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കുളം) | 175601 |
| | | ചെക്ക് നമ്പർ.034638 തീ.21.01.2021 | 24/05.01.2021 (കൈരളി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കുളം) | 185518 |
| | | ചെക്ക് നമ്പർ.034639 തീ.22.01.2021 | 18/30.10.2020 (കൈരളി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കുളം) | 181152 |
| | | | 22/07.12.2020 (കൈരളി ന്യൂട്രിമിക്സ് യൂണിറ്റ് | 174196 |

| | | | |
|---|---|---|---|
| | | നെട്ടിക്കളം) | |
| | ചെക്ക് നമ്പർ.034640 തീ.26.03.2021 | 28/11.02.2021 (കൈരളി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കളം) | 177378 |
| | | 34/02.03.2021 (കൈരളി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കളം) | 187516 |
| ആകെ | | | 2087487 |

അപാകതയ്ക്ക് കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.19(2020-21)/14.03.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 രശീതികളുടെ ഉപയോഗം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 വർഷത്തിൽ ഉപയോഗിച്ച 4963, 4964 എന്നീ നമ്പർ രശീതി പുസ്തകത്തിലെ രശീതികളുടെ ഉപയോഗത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1). 4963 നമ്പർ രശീതി പുസ്തകത്തിലെ 1 മുതൽ 56വരെയുള്ള രശീതികളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

2). 4963 നമ്പർ രശീതി പുസ്തകത്തിലെ 1 മുതൽ 56 വരെയുള്ള രശീതികളിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കളക്ഷൻ തുക യഥാസമയം ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സാധ്യമല്ല.

3). 4964 നമ്പർ രശീതി പുസ്തകത്തിലെ 47 -ാം നമ്പർ രശീതിയുടെ ഒറിജിനൽ രശീതി പുസ്തകത്തിലുണ്ട്. ആയതിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഡ്യൂപ്ലിക്കേററ് കീറി മാറ്റിയതായും കളക്ഷൻ രജിസ്റ്ററിൽ 4964/47 തി. 25.02.21 – 2361.70/- രൂപ എന്ന് രേഖപ്പെടുത്തി ഗ്രാമ പഞ്ചായത്തിൽ അടവാക്കിയതായും കാണുന്നു. എന്നാൽ ഒറിജിനൽ രശീതിയിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ യഥാർത്ഥത്തിൽ ഈടാക്കിയ തുക 2361.70/- രൂപയാണെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. 4964 നമ്പർ രശീതി പുസ്തകം അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇഷ്യൂ ചെയ്തപ്പോൾ മേൽ രശീതി പുസ്തകത്തിൽ 1 മുതൽ 100വരെയുള്ള രശീതികൾ (ഡ്യൂപ്ലിക്കേറ്റ് അടക്കം) ഉള്ളതായി 15.06.2020 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയാണ് കൈമാറിയിട്ടുള്ളത്.

4). 4964/50 ( തിയ്യതി രേഖപ്പെടുത്തിയിട്ടില്ല) രശീതി പ്രകാരം 2362/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ 4964/50 തി. 26.02.21 – 1458/- രൂപയാണ് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

5). 4964/52 ( തിയ്യതി രേഖപ്പെടുത്തിയിട്ടില്ല) രശീതി പ്രകാരം 1458/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ 4964/52 തി. 03.05.21 – 1005.70/- രൂപയാണ് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

6).4964/54 ( തിയ്യതി രേഖപ്പെടുത്തിയിട്ടില്ല) രശീതി പ്രകാരം 1005.70/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ആയത് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തുക അടവാക്കിയ വിവരവും ലഭ്യമല്ല.
രസീത് പ്രകാരം പിരിച്ചെടുത്ത പണം അടവാക്കാത്തത് ഗൗരവകരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതുമായി ബന്ധപ്പെട്ട നിജസ്ഥിതി പരിശോധിച്ച് വിശദമായ മറുപടി ലഭ്യമാക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ - 22/20-21 /14-03-2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 തൊഴിൽ നികുതി- അപാകതകൾ

1).ദിവസ വേതന ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

2020-21 വർഷത്തിൽ രണ്ട് അർദ്ധ വർഷങ്ങളിലും മാവേലി സ്റ്റോർ പോത്തുകല്ലിലെ ജൂനിയർ അസിസ്റ്റന്റ് മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. ഈ സ്ഥാപനത്തിൽ 2020-21 വർഷത്തിൽ ജോലി ചെയ്ത (ദിവസ വേതന ജീവനക്കരുടേത് ) ജീവനക്കാരുടെ വിവരം , അർദ്ധ വാർഷിക വരുമാന പത്രിക എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് പരിശോധിച്ച് ഈടാക്കേണ്ട നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2). തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| ജീവനക്കാരൻ | സ്ഥാപനം | അർദ്ധവർഷം | അർദ്ധ | ഈടാക്കേണ്ടത് | ഈടാക്കിയത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | വാർഷിക വരുമാനം (ഹാജരാക്കിയ റിട്ടേൺ പ്രകാരം) | | |
| സന്തോഷ്.എ ബീറ്റ് ഫോറസ്റ്റ് ഓഫീസർ | റേഞ്ച് ഫോറസ്റ്റ് ഓഫീസ് വഴിക്കടവ് റേഞ്ച് | ഒന്ന് | 298008 | 1250 | 1000 |
| വിലാസിനി.വി.എം ബീറ്റ് ഫോറസ്റ്റ് ഓഫീസർ | റേഞ്ച് ഫോറസ്റ്റ് ഓഫീസ് വഴിക്കടവ് റേഞ്ച് | ഒന്ന് | 178339 | 1250 | 1000 |

കുറവ് വന്ന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3). LSGD പോത്തുകല്ലിലെ ജീവനക്കാരിൽ നിന്ന് 2020- 21 രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനത്തിലെ മുഴവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കാൻ ആവശ്യപ്പെട്ട് തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/20-21/09.03.2022 ന് മാവേലി സ്റ്റോർ പോത്തുകല്ലിൽ 2020-21 വർഷത്തിൽ ജോലി ചെയ്ത (ദിവസ വേതന ജീവനക്കരുടേത്) ജീവനക്കാരുടെ വിവരം, അർദ്ധ വാർഷിക വരുമാന പത്രിക എന്നിവ വാങ്ങിക്കുന്നതും ആയത് പരിശോധിച്ച് നികുതി ഈടാക്കേണ്ടതുണ്ടെങ്കിൽ ഈടാക്കിയും കുറവ് വന്ന നികുതി, LSGD പോത്തുകല്ലിലെ ജീവനക്കാരുടെ നികുതി എന്നിവ ഈടാക്കിയും വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-19 അഡ്വാൻസ് സമയക്രമം പാലിച്ച് ക്രമീകരിക്കുന്നില്ല

പോത്തുകൽ ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഘടകസ്ഥാപനമേലധികാരികൾക്കും നൽകുന്ന മുൻകൂറുകൾ സമയക്രമം പാലിച്ച് ക്രമീകരിക്കുന്നില്ല എന്ന് കാണുന്നു. 2020-21 ൽ നൽകിയതും സാമ്പത്തിക വർഷാവസാനം ക്രമീകരിക്കാത്തതുമായ മുൻകൂറുകളുടെ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ വിവരം | തുക | നിർവ്വഹണ അധികാരി |
|---|---|---|
| 22000030/29.4.20 | 123000 | പോത്തുകൽ പിഎച്ച്സി മെഡിക്കൽ ഓഫീസർ |
| 22000141/9.6.20 | 30000 | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് പൂളപ്പാടം |
| 22000298/12.8.20 | 25000 | ഹോമിയോ മെഡിക്കൽ ഓഫീസർ (14498 രൂപ കൂടി വർഷാവസാനം അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നു |
| 22000031/29.4.20<br>22000430/28.9.20 | 30000<br>30000 | വെറ്റിനറി സർജൻ (22000031/29.4.20 പ്രകാരം നൽകിയ 30000 രൂപ ക്രമീകരിക്കാതെയാണ് വീണ്ടും തുക നൽകിയത്) |
| 22000555/16.11.20 | 20000 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ |
| 22000651/22.12.20 | 15000 | പോത്തുകൽ പിഎച്ച്സി മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| | | പരിരക്ഷ പദ്ധതിക്ക്. |
| ആകെ | 273000 | |

ഈ മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/7.3.22(20-21) ക്ക് മറുപടി ലഭ്യമായിട്ടില്ല.

## 1-20 അഡ്വാൻസ് ശരിയായി അക്കൗണ്ട് ചെയ്തില്ല.

പോത്തുകൽ ഗ്രാമപഞ്ചായത്ത് പിഎച്ച്സി മെഡിക്കൽ ഓഫീസർക്ക് മഴക്കാല പൂർവ്വശുചീകരണത്തിന മുൻകൂറായി നൽകിയ താഴെ പറയുന്ന തുകകൾ മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുകയോ ചെലവ് രേഖകൾ വൗച്ചറിനോടൊപ്പം സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| വൗച്ചർ വിവരം | തുക | നിർവ്വഹണ അധികാരി |
|---|---|---|
| 22000074/15.5..20 | 130000 | പോത്തുകൽ പിഎച്ച്സി മെഡിക്കൽ ഓഫീസർ |
| 22000087/15.5.20 | 40000 | കുറുമ്പലങ്ങോട് പിഎച്ച്സി മെഡിക്കൽ ഓഫീസർ |
| ആകെ | 1,70,000 | |

മുൻകൂറായി അക്കൗണ്ട് ചെയ്യാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/7.3.22(20-21)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂറുകൾ ശരിയായ ശീർഷകങ്ങളിൽ രേഖപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

## 1-21 വർഷങ്ങളോളമായി ക്രമീകരിക്കാത്ത അഡ്വാൻസ്

അഡ്വാൻസ് രജിസ്റ്റർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള അഡ്വാൻസ് (60500501) എന്ന ശീർഷകത്തിൽ ഇഎംഎസ് ഹൗസിംഗ് ലോൺ എന്ന പേരിൽ വർഷങ്ങളോളമായി ക്രമീകരിക്കാത്ത അഡ്വാൻസ് ഉള്ളതായി കാണുന്നു. അഡ്വാൻസ് രജിസ്റ്ററിൽനിന്ന് ലഭ്യമായ 1.4.2017 മുതലുള്ള വിവരം താഴെ ചേർക്കുന്നു.

| വർഷം | വർഷാരംഭ ബാക്കി | തൻവർഷം ക്രമീകരിച്ചത് | വർഷാന്ത്യ ബാക്കി |
|---|---|---|---|
| 2017-18 | 1645000 | 507900 | 1137100 |
| 2018-19 | 1137100 | 562705 | 574395 |
| 2019-20 | 574395 | 0 | 574395 |
| 2020-21 | 574395 | 0 | 574395 |

ഈ മുൻകൂർ നൽകിയത് ആർക്കാണെന്നും മുൻകൂർ ക്രമീരിക്കാതിരിക്കാനുള്ള കാരണം എന്താണെന്നും അറിയിക്കേണ്ടതാണ് എന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/7.3.22(20-21)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ മുൻകൂറിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-22 അഗതി രഹിത കേരളം പദ്ധതി - കുടുംബശ്രീ വഴിയല്ലാതെ പണം ചെലവഴിച്ചു.

പോത്തുകൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ അഗതി രഹിത കേരളം (157/20) എന്ന പ്രൊജക്റ്റിനു വേണ്ടി വൗച്ചർ 22000976/13.1.21 പ്രകാരം 113300 രൂപ വികസനഫണ്ട് പിൻവലിച്ച് അഗതി രഹിത കേരളം പദ്ധതി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കളുടെ വില നേരിട്ട് പോത്തുകല്ല് കുടുംബശ്രീ എക്കോഷോപ്പിനു നൽകിയിട്ടുണ്ട്. അഗതി രഹിത കേരളം കാഷ് ബുക്കിലോ ബാങ്ക് പാസ് ബുക്കിലോ ഈ തുകയുടെ വരവ് രേഖപ്പെടുത്തിയതായി കാണുന്നില്ല. ആശ്രയ പദ്ധതിയിലെ ബാലൻസ് ഉൾപ്പെടെ 1634000 രൂപ ചെലവഴിക്കാതെ അഗതി രഹിത കേരളം അക്കൗണ്ടിൽ അവശേഷിക്കുന്ന സമയത്താണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ വഴിയല്ലാതെ അസിസ്റ്റന്റ് സെക്രട്ടറി വികസനഫണ്ട് നേരിട്ട് ചെലവഴിച്ചത്. (ഓഡിറ്റ് എൻക്വയറി നമ്പർ 12/9.3.22 ). നടപടിക്രമങ്ങൾ പാലിക്കാതെ പണം ചെലവഴിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അഗതിരഹിത കേരള പ്രൊജക്റ്റിലെ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി ഭവന നിർമ്മാണം/റിപ്പയർ പ്രൊജക്റ്റുകളിലൊന്നും പരിഗണിക്കപ്പെട്ടിട്ടില്ല.

## 1-23 അഗതിരഹിത കേരളം പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയില്ല.

2018-19 മുതൽ 2020-21 കൂടിയ വർഷങ്ങളിലായി നടപ്പിലാക്കേണ്ട പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിത കേരളം പദ്ധതിയിലെ ജനറൽ പ്രൊജക്റ്റിന 16.7.2019 ലെ KS/L/7292/18 ഉത്തരവ് പ്രകാരവും എസ്.ടി പ്രൊജക്റ്റിന 8.7.2019 ലെ KS/L/5574/2019 ഉത്തരവ് പ്രകാരവും കുടുമ്പശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അനുമതി ലഭ്യമായിട്ടുണ്ട്. പ്രൊജക്റ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് അടങ്കൽ വിവരങ്ങൾ | | |
|---|---|---|
| ഇനം | ജനറൽ | എസ് ടി |
| ചലഞ്ച് ഫണ്ട് | 2045912 | 233818 |
| പ്ലാൻ ഫണ്ട് | 9150000 | 100000 |
| തനത് ഫണ്ട് | 400000 | 00 |
| വിവിധ വകുപ്പുകളുടെ ഫണ്ടുകൾ | | 1800000 |
| ആകെ | 11595912 | 2333818 |

| പ്രൊജക്റ്റിൽ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ | | | |
|---|---|---|---|
| ഇനം | വകയിരുത്തിയത് (ജനറൽ) | വകയിരുത്തിയത് (എസ്.ടി) | ചെലവഴിച്ചത് |
| ഭക്ഷണം | 1742412 | 226818 | 1490600 |
| ചികിത്സ | 4000 | 0 | 0 |
| വിദ്യാഭ്യാസം | 43000 | 7000 | 0 |
| വീട് റിപ്പയർ | 1500000 | 700000 | 0 |
| വീട് | 6950000 | 120000 | 0 |
| ഭൂമി വാങ്ങൽ | 1150000 | 0 | 0 |
| ടോയ്‌ലറ്റ് | 100000 | 200000 | 0 |
| റിസർവ് ഫണ്ട് | 100000 | 0 | 0 |
| യാത്ര | 3500 | 0 | 0 |
| മറ്റിനം | 3000 | 0 | 0 |

പ്രൊജക്റ്റിന്റെ നിർവ്വഹണം വിലയിരുത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാകുന്നു.

1. പോത്തുകല്ല് കുടംബശ്രീ വിപണനകേന്ദ്രം എക്കോഷോപ്പിൽനിന്ന ഭക്ഷണക്കിറ്റ് വാങ്ങി വിതരണം ചെയ്യുക എന്നത് ഒഴികെ മറ്റു സേവനങ്ങളൊന്നും ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല.

2. അഗതിരഹിത കേരളം മാർഗ്ഗ രേഖ സ.ഉ.(എം.എസ്) നം. 252/2017/തസ്വഭവ തിയ്യതി 12/12/2017 ഖണ്ഡിക 3.2.1.2 പ്രകാരം ചലഞ്ച് ഫണ്ട് ലഭ്യമായിരിക്കെ വികസനഫണ്ട് ഭക്ഷണക്കിറ്റ് വിതരണത്തിന വിനിയോഗിക്കാൻ പാടില്ല. ആശ്രയ പദ്ധതിയിലെ ബാലൻസ് ഉൾപ്പെടെ 1415896 രൂപ അക്കൗണ്ടിൽ അവശേഷിക്കെ ഭക്ഷ്യക്കിറ്റിന്റെ വില 236900 രൂപ വൗച്ചർ നമ്പർ 21901097/26.3.20 പ്രകാരവും 1622303 രൂപ അക്കൗണ്ടിൽ അവശേഷിക്കെ ഭക്ഷ്യക്കിറ്റിന്റെ വില 113300 രൂപ വൗച്ചർ നമ്പർ 22000976/13.1.21 പ്രകാരവും അസിസ്റ്റന്റ് സെക്രട്ടറി വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്. പദ്ധതിപ്പണം ചെലവഴിക്കാതെ അക്കൗണ്ടിൽ ഉണ്ടായിരിക്കെ വീണ്ടും വികസനഫണ്ട് പിൻവലിച്ചതും കുടുംബശ്രീ വഴിയല്ലാതെ നേരിട്ട് ചെലവഴിച്ചതും ക്രമപ്രകാരമല്ല.

3. അഗതിരഹിത കേരളം അക്കൗണ്ടിൽ 31.3.2021 ന 1180699 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

## 1-24 ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

താഴെപ്പറയുന്ന പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ, എൽ.എസ്.ജി.ഡി ഓവർസിയർ / എഞ്ചിനീയറുടെ റിപ്പോർട്ട്, അനുവദിച്ച പെർമിറ്റ് എന്നിവയിൽ പരാമർശിച്ച കെട്ടിടത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിലല്ല പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ളത് എന്ന് കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷ വിവരം | കെട്ടിടത്തിന്റെ ഉപയോഗ | പ്ലാൻ, എൽ.എസ്.ജി.ഡി | ഫീസ് ഈടാക്കിയ വിവരം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ക്രമം | ഓവർസിയർ / എഞ്ചിനീയറുടെ റിപ്പോർട്ട്, അനുവദിച്ച പെർമിറ്റ് എന്നിവ പ്രകാരമുള്ള വിസ്തൃതി | | |
| ശ്രീ.സന്തോഷ് മാത്യു, ചെട്ടിശ്ശേരിൽ A3-5579/20 തി. 02.11.2020 | വാസഗൃഹം | GF- 79.04 ച.മീ FF – 59.20 ച.മീ ------------------ 138.24 ച.മീ | 146.63 X 3.5 = 514 (120170102143/27.11.2020 – 514 + Application Fee30 =544/- ) | പെർമിറ്റ് A3-5579/20 തി. 08.12.2020 |
| ശ്രീ. റനീഷ് A3-4966/20 തി. 14.10.2020 | വാസഗൃഹം | GF- 115.34 ച.മീ FF – 7.48 ച.മീ Porch- 12.58 ച.മീ ------------------ 135.4 ച.മീ | 180.21 X7 = 1262 (120170102083/20.11.2020 – 1262 + Application Fee30 = 1292 ) | പെർമിറ്റ് A3-4966/20 തി. 30.11.2020 |
| ശ്രീമതി. സരോജിനി മുതൽപേർ A3-612/21 തി. 30.01.2021 | വാണിജ്യം | 29.04 ച.മീ | 29.04 X 7 = 204 (120170103684/10.03.21) | പെർമിറ്റ് A3-BA(74663)/2021 തി. 19.03.2021 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 13/20-21 /09.03.2022 ) മറുപടിയിൽ ശ്രീ.സന്തോഷ് മാത്യു, ശ്രീ. റനീഷ് എന്നിവരുടെ പെർമിറ്റ് അപേക്ഷകളിൽ പെർമിറ്റ് ഫീസ് കണക്കാക്കിയ വിസ്തീർണ്ണത്തിൽ തെറ്റ് സംഭവിച്ചതിനാൽ മേൽ അപേക്ഷകരിൽ നിന്ന് യഥാക്രമം 29/-, 788/- രൂപ എന്നിങ്ങനെ അധിക തുക പെർമിറ്റ് ഫീസിനത്തിൽ ഈടാക്കിയിട്ടുണ്ടെന്നും ആയത് തുക കണക്കുകൂട്ടിയപ്പോൾ ബന്ധപ്പെട്ട സെക്ഷനു സംഭവിച്ച തെറ്റാണെന്നും മേലിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും ശ്രീമതി. സരോജിനി മുതൽപേർ എന്നവരിൽ നിന്ന് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 87/- രൂപ നമ്പർ രശീത് പ്രകാരം അടവാക്കിയതായും അറിയിച്ചു. പെർമിറ്റ് അപേക്ഷകളിൽ പെർമിറ്റ് ഫീസ് കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ വിസ്തീർണ്ണം , ഉപയോഗം എന്നിവ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമാക്കേണ്ടതാണ്.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ Online Transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി Zero Balance Account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , പോത്തുകല്ല് ഗ്രാമപഞ്ചായത്ത് 2019-20, 2020-21 ൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില എത്ര രൂപയാണെന്നും ആയതിൽ എത്ര രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭ്യമായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ജി ഒ (എം എസ്) 3186/2017/LSGD/2-10-17 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കൗണ്ട് തുടങ്ങിയതിന്റേയും ആയതിൽ തുക ക്രഡിറ്റ് ചെയ്തതിന്റേയും വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 19/13-2-22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

(A) ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിനാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/ltസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു.

കൺവീനർമാർക്ക് ഈയിനത്തിൽ അധികം നൽകിയ 159003 രൂപ (39766 + 37671 + 69169 + 11397) അതാത് പ്രവൃത്തികളുടെ കൺവീനർമാരിൽ നിന്നീടാക്കേണ്ടതും മറ്റു വകുപ്പുകൾക്ക് അധികം നൽകിയ തുക അതാത് ഫണ്ടിൽ നിന്നീടാക്കുകയോ അല്ലാത്തപക്ഷം ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 7/8-3-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കൺവീനർമാർക്ക് അധികം നൽകിയ 159003 രൂപ (39766 + 37671 + 69169 + 11397) അതാത് പ്രവൃത്തികളുടെ കൺവീനർമാരിൽ നിന്നീടാക്കേണ്ടതും മറ്റു വകുപ്പുകൾക്ക് അധികം നൽകിയ തുക അതാത് ഫണ്ടിൽ നിന്നീടാക്കുകയോ അല്ലാത്തപക്ഷം ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണ്. വിശദാംശം ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| പ്രവൃത്തി | അധികം നൽകിയ തുക |
|---|---|
| വെള്ളിമുറ്റം അങ്കണവാടി കെട്ടിട നിർമ്മാണം | 37992 രൂപ |
| അമ്പിട്ടാൻപൊട്ടി അങ്കണവാടി കെട്ടിട നിർമ്മാണം | 37671 രൂപ |

## 1-27 ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ചു നൽകിയത് ക്രമ വിരുദ്ധം.

Central Goods And Services Tax Act, 2017 [Central Act 13 Of 2017], Kerala State Goods And Services Tax Act, 2017 [State Act 20 Of 2017] എന്നിവ പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് ജി.എസ്.ടി അനുവദിച്ചു നൽകാൻ പാടില്ല. എന്നാൽ ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ജി.എസ്.ടി ഇനത്തിൽ ടാക്സ് അടവാക്കുന്നതിന് മൂല്യ നിർണ്ണയ തുകയുടെ 12% അനുവദിച്ചു നൽകിയിട്ടുണ്ട്.

ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് പിരിച്ചെടുക്കുന്ന ടാക്സ് അടവാക്കാൻ കഴിയില്ല. മേൽ ആക്ടുകളുടെ സെക്ഷൻ 32(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾ ടാക്സ് കളക്ട് ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട് [Section 32 (1) -Prohibition Of Unauthorised Collection Of Tax]. കൂടാതെ ആക്ടിന്റെ സെക്ഷൻ 9(3), (4) എന്നിവ പ്രകാരം [Section 9-Levy And Collection Of Tax] രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി രജിസ്ട്രേഷൻ ഇല്ലാത്ത ഒരു വ്യക്തിയിൽ നിന്നും ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ ആയതുമായി ബന്ധപ്പെട്ട നികുതി [റിവേഴ്സ് ചാർജ് പ്രകാരം -Section 3(98)-Reverse Charge], രജിസ്ട്രേഷൻ ഉള്ള വ്യക്തി (Recipient) സർക്കാറിലേക്ക് നേരിട്ട് അടവാക്കേണ്ടതാണ്.

എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി കൺവീനർമാർ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് കൊണ്ട് കൺവീനർമാർക്ക് ടാക്സ് അടവാക്കാൻ കഴിയില്ല. പ്രസ്തുത കൺവീനർമാർക്ക് മൂല്യ നിർണ്ണയത്തിന്റെ 12% തുക ജി.എസ്.ടി ഇനത്തിൽ അനുവദിച്ച് നൽകിയത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് വിശദാംശം | കൺവീനർ | ടാക്സ് ഇനത്തിൽ നൽകിയ തുക |
|---|---|---|---|
| 1 | വെള്ളിമുറ്റം അംഗനവാടി കെട്ടിട നിർമാണം 95/21<br>അടങ്കൽ: 800000 രൂപ (വികസനഫണ്ട്-ജനറൽ)<br>അളവ് പുസ്തകം: ഹാജരാക്കിയിട്ടില്ല (Payment വിശദാംശം ബില്ലിൽ നിന്ന് | ശ്രീമതി സലീന | 85215/- |

| | | | | |
|---|---|---|---|---|
| | | ശേഖരിച്ചു)<br>ചെലവഴിച്ച തുക: 795340രൂപ<br>ബിൽ നംപർ 97/20-21/25-3-21<br>മൂല്യനിർണ്ണയം 710125.98 രൂപ<br>(+) 12% GST 85215.12<br>ആകെ 795341 (Rounded) | | |
| | 2 | അമ്പിട്ടാൻപൊട്ടി അംഗനവാടി കെട്ടിട നിർമാണം 185/21<br>അടങ്കൽ: 800000 രൂപ (വികസനഫണ്ട്-ജനറൽ)<br>കരാർ: 40/AE/LSGD/PKL/20-21/21-7-20<br>അളവ് പുസ്തകം: ഹാജരാക്കിയിട്ടില്ല (Payment വിശദാംശം ബില്ലിൽ നിന്ന് ശേഖരിച്ചു)<br>ചെലവഴിച്ച തുക: 788622രൂപ<br>ബിൽ നംപർ 96/20-21/26-3-21<br>നൽകിയ തുക :<br>മൂല്യനിർണ്ണയം 704126.36 രൂപ<br>(+) 12% GST 84495.16<br>ആകെ 788622 (Rounded) | ശ്രീമതി സുനിത | 84495/- |
| | 3 | GLPS പൂളപ്പാടം കെട്ടിടം പണി പൂർത്തീകരണം 161/21<br>അടങ്കൽ: 1500000 രൂപ (MG-NR)<br>കരാർ: 45/AE/LSGD/PKL/19-20/20-12-19<br>അളവ് പുസ്തകം: 53/19-20,61/19-20<br>ചെലവഴിച്ച തുക: 1450718രൂപ<br>ബിൽ നംപർ 31/20-21/28-8-20<br>നൽകിയ തുക :<br>മൂല്യനിർണ്ണയം 1295283.84 രൂപ<br>(+) 12% GST 155434.06<br>ആകെ 1450718 (Rounded) | ശ്രീമതി ഡോൾസി ഡൊമനിക്ക് (H M) | 155434/- |
| | 4 | മുണ്ടേരി GHS ൽ പെൺകുട്ടികൾക്ക് ടോയ്‌ലറ്റ് 194/21<br>അടങ്കൽ: 694032 രൂപ<br>(വികസനഫണ്ട്-G, Rs 420471,CFC ഗ്രാന്റ്, 273561)<br>കരാർ: 64/AE/LSGD/PKL/19-20/5-2-20<br>അളവ് പുസ്തകം: 78/19-20<br>ചെലവഴിച്ച തുക: 239016രൂപ | ശ്രീമതി ആന്റോ സുജ (H M) | 25609/- |

| | | | |
|---|---|---|---|
| | ബിൽ നംപർ 24/20-21/15-6-20<br>നൽകിയ തുക:<br>മൂല്യനിർണ്ണയം 213406.93 രൂപ<br>(+) 12% GST 25608.83<br>ആകെ 239016 (Rounded) | | |
| | | ആകെ | 350753 രൂപ |

കൺവീനർമാർ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ മേൽപ്രകാരമുള്ള ജി എസ്.ടി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ജി.എസ്.ടി ഇനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അനുവദിച്ച് നൽകിയ തുക തിരികെ ഈടാക്കി സെക്ഷൻ 9(3), (4) എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ആയത് സർക്കാറിലേക്ക് നേരിട്ട് അടവാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 6/8-3-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ മേൽപ്രകാരമുള്ള ജി എസ്.ടി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ അല്ലാത്തപക്ഷം ജി.എസ്.ടി ഇനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അനുവദിച്ച് നൽകിയ 350753 രൂപ തിരികെ ഈടാക്കി സെക്ഷൻ 9(3), (4) എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ആയത് സർക്കാറിലേക്ക് നേരിട്ട് അടവാക്കുകയോ ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് വരെ 350753 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 ഒരു പദ്ധതി പ്രകാരം രണ്ട് പ്രവൃത്തികൾ നടപ്പിലാക്കിയത്; വിശദീകരണം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ 19/20 ന്റെ സ്പിൽ ഓവർ പദ്ധതിയായി പ്രൊജക്ട് നമ്പർ 195/21 പ്രകാരം അമ്പിട്ടാൻപൊട്ടി ST കോളനി റോഡ് ടാറിംഗ് എന്ന പേരിൽ രണ്ട് പ്രവൃത്തികൾ നടപ്പിലാക്കുകയും ആയതിൽ ഒരു പ്രവൃത്തിക്ക് 437774 രൂപ ചെലവഴിക്കുകയും മറ്റൊന്നിന് 438433 രൂപയുടെ മൂല്യനിർണ്ണയം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തതായി കാണുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | പ്രൊജക്ട് നമ്പർ 195/21 | പ്രൊജക്ട് നമ്പർ, 19/20, 195/21 |
|---|---|---|
| കരാറുകാരൻ | മുജീബ് | സമീർ മോൻ |
| കരാർ | 100/20-21/19-2-21 | 42/19-20/21-11-19 |
| അളവ് പുസ്തകം | 116/20-21 | 34/19-20 |
| പ്രവൃത്തി തുടങ്ങിയത് | 23-2-21 (അളവ് പുസ്തകം പേജ് 2) | 18-1-20 (അളവ് പുസ്തകം പേജ് 5) |
| പ്രവൃത്തി പൂർത്തിയാക്കിയത് | 15-3-21 (അളവ് പുസ്തകം പേജ് 14) | 3-2-20 (അളവ് പുസ്തകം പേജ് 19) |
| മൂല്യനിർണ്ണയം | 437774 | 438433 |
| ചെലവ് | 437774 | ബിൽ നൽകിയിട്ടില്ല |
| ബിൽ നമ്പർ | 93/20-21/26-3-21: 66340 രൂപ<br>94/20-21/26-3-21: 371434 രൂപ | -- |

ഒരു പദ്ധതി പ്രകാരം രണ്ട് പ്രവൃത്തികൾ നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 18/13-3-22 നംമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതും തുക നൽകിയിട്ടില്ലാത്ത മേൽ പ്രവൃത്തിക്ക്, പ്രവൃത്തിയെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി മാത്രം തുക നൽകേണ്ടതുമാണ്.

## 1-29 ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

താഴെ പറയുന്ന ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ | പദ്ധതി | ചെലവ് | ബിൽ നമ്പർ |
|---|---|---|---|

| നം. | | | |
|---|---|---|---|
| 1 | മുതുകുളം അംഗനവാടി നിർമാണം, 178/21 | 799680 | 20/20-21 /21-5-20 |
| 2 | പനങ്കയം അംഗനവാടി നിർമ്മാണം, 199/21 | 799731 | 48/20-21 /14-11-20 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് പ്രിന്റർ, 200/21 | 14726 | 23/20-21 /10-6-20 |
| | ആകെ | 1614137 | |

മേൽ ഫയലുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 23/14-3-22, മറുപടി ലഭ്യമാക്കിയിട്ടില്ല) ആയത് വരെ 1614137 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

(A) ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിനാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/ിതസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു.

വിശദവിവരം താഴെ ചേർക്കുന്നു.

1) വെള്ളിമുറ്റം അംഗനവാടി കെട്ടിട നിർമാണം 95/21

അടങ്കൽ: 800000 രൂപ (വികസനഫണ്ട്-ജനറൽ)

കൺവീനർ: ശ്രീമതി സലീന

കരാർ: 53/AE/LSGD//17/PKL/20-21/3-11-20

അളവ് പുസ്തകം: ഹാജരാക്കിയിട്ടില്ല

ചെലവഴിച്ച തുക: 795340രൂപ

ബിൽ നമ്പർ 97/20-21/25-3-21

നൽകിയ തുക:

മൂല്യനിർണ്ണയം 710125.98 രൂപ

(+) 12% GST 85215.12

ആകെ 795341 (Rounded)

Allocation 795340

(-) IT 2% 14203

(-)WF 1% 7101

(-) GST 2% 4202

കൺവീനർക്ക്: 759834 രൂപ

നൽകാവുന്ന തുക:

മൂല്യനിർണ്ണയം 710125.98

(-) OH 5% 35506.29

ബാക്കി 674620 (Rounded)

(+) 12% GST 80954

Total 755574

(-) IT 2% 13493

(-)WF 1% 6746

(-) GST 2% 13493

കൺവീനർക്ക്: 721842

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 795340

ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക: 755574

അധികം പിൻവലിച്ച തുക : 39766 രൂപ

| അധികം നൽകിയ തുകയുടെ വിശദാംശം | | | |
|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം |
| കൺവീനർ | 759834 | 721842 | 37992 |
| I T | 14203 | 13493 | 710 |
| KBOCWWF | 7101 | 6746 | 355 |
| GST | 14202 | 13493 | 709 |
| | | ആകെ | 39766 |

2) അമ്പിട്ടാൻപൊട്ടി അംഗനവാടി കെട്ടിട നിർമാണം 185/21

അടങ്കൽ: 800000 രൂപ (വികസനഫണ്ട്-ജനറൽ)

കൺവീനർ: ശ്രീമതി സുനിത

കരാർ: 40/AE/LSGD/PKL/20-21/21-7-20

അളവ് പുസ്തകം: ഹാജരാക്കിയിട്ടില്ല

ചെലവഴിച്ച തുക: 788622രൂപ

ബിൽ നംപർ 96/20-21/26-3-21

നൽകിയ തുക:

മൂല്യനിർണ്ണയം 704126.36 രൂപ

(+) 12% GST 84495.16

ആകെ 788622 (Rounded)

(-) IT 2% 14083

(-)WF 1% 7041

(-) GST 2% 14082

കൺവീനർക്ക്: 753416 രൂപ

നൽകാവുന്ന തുക:

മൂല്യനിർണ്ണയം 704126,36

(-) OH 5% 35206.31

ബാക്കി 668920 (Rounded)

(+) 12% GST 80270

Total 749190

(-) IT 2% 13378

(-)WF 1% 6689

(-) GST 2% 13378

കൺവീനർക്ക്: 715745

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 788622

ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക: 749190

അധികം പിൻവലിച്ച തുക : 39432 രൂപ

| അധികം നൽകിയ തുകയുടെ വിശദാംശം | | | |
|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം |
| കൺവീനർ | 753416 | 715745 | 37671 |
| I T | 14083 | 13378 | 705 |
| KBOCWWF | 7041 | 6689 | 352 |
| GST | 14082 | 13378 | 704 |
| | | ആകെ | 39432 |

3) GLPS പൂളപ്പാടം കെട്ടിടം പണി പൂർത്തീകരണം 161/21

അടങ്കൽ: 1500000 രൂപ (MG-NR)

കൺവീനർ: ശ്രീമതി ഡോൾസി ഡൊമനിക്ക് (H M)

കരാർ: 45/AE/LSGD/PKL/19-20/20-12-19

അളവ് പുസ്തകം: 53/19-20,61/19-20

ചെലവഴിച്ച തുക: 1450718രൂപ

ബിൽ നംപർ 31/20-21/28-8-20

നൽകിയ തുക :

മൂല്യനിർണ്ണയം 1295283.84 രൂപ

(+) 12% GST 155434.06

ആകെ 1450718 (Rounded)

(-) IT 2% 25906

(-)WF 1% 13083

(-) GST 2% 25906

കൺവീനർക്ക്: 1385823 രൂപ

നൽകാവുന്ന തുക:

മൂല്യനിർണ്ണയം 1295283.84

(-) OH 5% 64764.19

ബാക്കി 1230519.65

(+) 12% GST 147662.35

Total 1378182

(-) IT 2% 24610

(-)WF 1% 12305

(-) GST 2% 24612

കൺവീനർക്ക്: 1316654

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 1450718

ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക: 1378182

അധികം പിൻവലിച്ച തുക : 72536 രൂപ

| അധികം നൽകിയ തുകയുടെ വിശദാംശം | | | |
|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം |
| കൺവീനർ | 1385823 | 1316654 | 69169 |
| I T | 25906 | 24611 | 1295 |
| KBOCWWF | 13083 | 12305 | 778 |
| GST | 25906 | 24612 | 1294 |
| | | ആകെ | 72536 |

4) മുണ്ടേരി GHS ൽ പെൺകുട്ടികൾക്ക് ടോയ്‌ലറ്റ് 194/21

അടങ്കൽ: 694032 രൂപ

(വികസനഫണ്ട്-G, Rs 420471,CFC ഗ്രാന്റ്, 273561)

കൺവീനർ: ശ്രീമതി ആന്റോ സുജ (H M)

കരാർ: 64/AE/LSGD/PKL/19-20/5-2-20

അളവ് പുസ്തകം: 78/19-20

ചെലവഴിച്ച തുക: 239016രൂപ

ബിൽ നംപർ 24/20-21/15-6-20

നൽകിയ തുക :

മൂല്യനിർണ്ണയം 213406.93 രൂപ

(+) 12% GST 25608.83

ആകെ 239016 (Rounded)

(-) IT 2% 4268

(-)WF 1% 2155

(-) GST 2% 4268

കൺവീനർക്ക്: 228325 രൂപ

നൽകാവുന്ന തുക:

മൂല്യനിർണ്ണയം 213406.93

(-) OH 5% 10670.34

ബാക്കി 202736.59

(+) 12% GST 24328.39

Total 227065 (Rounded)

(-) IT 2% 4055

(-)WF 1% 2027

(-) GST 2% 4055

കൺവീനർക്ക്: 216928

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 239016

ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക: 227065

അധികം പിൻവലിച്ച തുക : 11951 രൂപ

| അധികം നൽകിയ തുകയുടെ വിശദാംശം | | | |
|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം |
| കൺവീനർ | 228325 | 216928 | 11397 |
| I T | 4268 | 4055 | 213 |
| KBOCWWF | 2155 | 2027 | 128 |
| GST | 4268 | 4055 | 213 |
| | | ആകെ | 11951 |

കൺവീനർമാർക്ക് അധികം നൽകിയ 156229 രൂപ (37992 + 37671 + 69169 + 11397) അതാത് പ്രവൃത്തികളുടെ കൺവീനർമാരിൽ നിന്നീടാക്കേണ്ടതും മറ്റ വകുപ്പുകൾക്ക് അധികം നൽകിയ തുക അതാത് ഫണ്ടിൽ നിന്നീടാക്കുകയോ അല്ലാത്തപക്ഷം ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 7/8-3-22 നംമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കൺവീനർമാർക്ക് അധികം നൽകിയ 156229 രൂപ (37992 + 37671 + 69169 + 11397) അതാത് പ്രവൃത്തികളുടെ കൺവീനർമാരിൽ നിന്നീടാക്കേണ്ടതും മറ്റ വകുപ്പുകൾക്ക് അധികം നൽകിയ തുക അതാത് ഫണ്ടിൽ നിന്നീടാക്കുകയോ അല്ലാത്തപക്ഷം ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2020-21 | 11.03.2022 മുതൽ 14.03.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (21/21) | 250000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

### 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ | ജി.ഒ.(എം.എസ്)നം. 227/LSGD തിയതി 18.08.18 | 0 | 27900553 | 1023922 | 0 | 26876631 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച 3746 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-29 | 1160 | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 120170100765/24.07.2020 |
| 2018-19 | 1-29 | 2586 | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 120170100766/24.07.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | -- | വസ്തു നികുതി | നിലനിൽക്കുന്നു. |
| 2014-15 | 2-4 | 2016-17 | -- | തൊഴിൽ നികുതി | നിലനിൽക്കുന്നു. |
| 2015-16 | 2-4 | 2016-17 | -- | തൊഴിൽ നികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 126548613 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100861434 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 156229 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1964890 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1) | . | 37992 | ശ്രീ.വിബിൻ.എസ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-1(2) | | 37671 | ശ്രീ.വിബിൻ.എസ്, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-1(3) | | 69169 | ശ്രീ.റാസിഫ്.എം, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-1(4) | | 11397 | ശ്രീ.മധുസൂദനൻ നായർ.ആർ, അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1- 27 | 350753 | 85215 – ശ്രീ.വിബിൻ.എസ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 84495- ശ്രീ.വിബിൻ.എസ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 155434 – ശ്രീ.റാസിഫ്.എം, അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 25609 – ശ്രീ.മധുസൂദനൻ നായർ.ആർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-29 | 1614137 | 799680- ശ്രീ.മധുസൂദനൻ നായർ.ആർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 799731 – ശ്രീ.വിബിൻ.എസ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 14726- ശ്രീ.മധുസൂദനൻ നായർ.ആർ, അസിസ്റ്റന്റ് എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിബിൻ.എസ്, അസിസ്റ്റന്റ് എഞ്ചിനിയർ | .............. | മേക്കേവട്ടുവിള കടയറ പുത്തൻവീട്, പാറശ്ശാല, തിരുവനന്തപുരം ജില്ല 695502 |
| ശ്രീ.റാസിഫ്.എം, അസിസ്റ്റന്റ് എഞ്ചിനിയർ | അസി.എഞ്ചിനീയർ, നെടുമ്പ്രം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല | അൽ നഫീസ്, കിഴക്കേപുറം.പി.ഒ, അയിരൂർ, വർക്കല, തിരുവനന്തപുരം ജില്ല 695310 |
| ശ്രീ.മധുസൂദനൻ നായർ.ആർ, അസിസ്റ്റന്റ് എഞ്ചിനിയർ | .............. | റ്റി.സി- 44/211, KLRA-119, കുക്കലിയാർ ലൈൻ, ജഗതി.പി.ഒ, തിരുവനന്തപുരം ജില്ല 695014 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2001-02 | കെ.എസ്.എ.എം.പി.എം.6/1149/2018 തി.23.05.2018 | 12 | |
| 2002-03 | കെ.എസ്.എ.എം.പി.എം.6/1149/2018 തി.23.05.2018 | 6 | |
| 2003-04 | എൽ.എഫ്.എം.5/2052/09 തി.28.02.2006 | 13 | |
| 2004-05 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 29 | |
| 2005-06 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 28 | |
| 2006-07 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 15 | |
| 2007-08 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 10 | |
| 2008-09 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 7 | |
| 2009-10 2010-11 | കെ.എസ്.എ.എം.പി.എം.6/1516/2020 തി.09.11.2020 | 15 | |
| 2011-12 2012-13 | കെ.എസ്.എ.എം.പി.എം.6/1255/2015 തി.02.11.2015 | 23 | |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം.6/209/2019 തി: 24.04.2019 | 14 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/397/2021 തി: 25.02.2021 | 17 | |
| 2016-17 | കെ.എസ്.എ.എം.പി.എം.6/2169/2017 തി: 09.07.2018 | 19 | |
| 2017-18 | കെ.എസ്.എ.എം.പി.എം.6/2979/2019 തി: 04.06.2019 | 12 | |
| 2018-19 | കെ.എസ്.എ.എം.പി.എം.6/537/2020 തി: 30.10.2021 | 8 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എൽ. 4/22

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്